പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം.*436

27/06/2014 -ൽ
മറുപടിയ്ക്ക്

# സ്വയം സഹായ സംഘങ്ങൾക്ക് മലയോര വികസന ഏജൻസിയുടെ തൊഴിൽ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.അൻവർ സാദത്ത് | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മലയോര വികസന ഏജൻസിയുടെ ആഭിമുഖ്യത്തിൽ സ്വയം സഹായ സംഘങ്ങൾക്ക് സ്വയം തൊഴിൽ പദ്ധതിക്ക് തുടക്കം കുറിച്ചി ട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ മലയോര വികസന ഏജൻസിയുടെ ആഭിമുഖ്യത്തിൽ സ്വയം സഹായ സംഘങ്ങൾക്ക് സ്വയംതൊഴിൽ പദ്ധതി യായ സഹ്യശ്രീക്ക് തുടക്കം കുറിച്ചു. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിയ നുസരിച്ച് കൈവരിക്കാനുദ്ദേശിക്കുന്ന തെന്നും വിശദാംശങ്ങൾ എന്തെല്ലാ മാണെന്നും വ്യക്തമാക്കാമോ; | (ബി) | മലയോര മേഖലയിലെ സാധാരണ ക്കാരായ ജനങ്ങളുടെ ജീവിത രീതി മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടു കൂടിയാണ് സഹ്യശ്രീ പദ്ധതി ആരം ഭിച്ചത്. കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം, ഭക്ഷ്യ സംസ്കരണം, മൂല്യ വർദ്ധിത ഉല്പന്ന നിർമ്മാണം, ആയുർ വേദ മരുന്നു നിർമ്മാണം എന്നി വയ്ക്കു മുൻഗണന നൽകികൊണ്ട് മലയോര മേഖലയിലെ സ്വയം സഹായ സംഘങ്ങൾക്ക് സബ്സിഡി യോടുകൂടിയ ബാങ്ക് ലോൺ ലഭ്യമാ ക്കുക എന്നതാണ് സഹ്യശ്രീ പദ്ധതി യുടെ ലക്ഷ്യം. 2014-15 സാമ്പത്തിക വർഷം ഡയറി മേഖലയ്ക്കാണ് ഊന്നൽ നൽകുന്നത്. |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം മേഖലകളിലാണ് ഈ പദ്ധതി നടപ്പാക്കുന്നതെന്ന് വിശദമാക്കാമോ; | (സി) | കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം, ഭക്ഷ്യ സംസ്കരണം, മൂല്യ വർദ്ധിത ഉല്പന്ന നിർമ്മാണം, ആയുർവേദ മരുന്നു നിർമ്മാണം എന്നീ മേഖലകൾക്കാണ് ഈ പദ്ധതി മുൻഗണന നൽകുന്നത്. |
| (ഡി) | എന്തെല്ലാം ധനസഹായങ്ങളാണ് സംഘങ്ങൾക്ക് പദ്ധതിയനുസരിച്ച് നൽകുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ? | (ഡി) | സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങൾക്ക് ബാങ്ക് ലോണും സബ്സിഡിയും ധനകാര്യ സ്ഥാപനങ്ങൾ മുഖേന ലഭ്യമാക്കുന്നു. ഇതിൽ ദാരിദ്ര്യ രേഖയ്ക്കു താഴെ ഉള്ളവർക്ക് സബ്സിഡി നൽകുന്നു. ദാരിദ്ര്യരേഖയ്ക്കു മുകളിലുള്ളവർ വായ്പയ്ക്ക് അർഹരാണെങ്കിലും സബ്സിഡിക്ക് അർഹരല്ല. പദ്ധതി ചെലവിന്റെ 50 ശതമാനമോ 2 ലക്ഷം രൂപയോ, ഏതാണോ കുറവ് അത് സബ്സിഡിയായി നൽകുന്നു. അർഹതയുള്ള സംഘങ്ങളിലെ ഒരംഗത്തിനുള്ള പരമാവധി സബ്സിഡി പതിനയ്യായിരം രൂപയാണ്. |

Bijumon

സെക്ഷൻ ഓഫീസർ